ധനകാര്യവും നിയമവും ദേവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) പന്ത്രണ്ടാം പദ്ധതി നിലവിൽ വന്ന 2012-13 വർഷം മുതലുള്ള വാർഷിക പദ്ധതി അടങ്കലും ചെലവും താഴെപ്പറയുന്നു:

(തുക കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്
2012-13	14010	12181
2013-14	17000	13774
2014-15	20000	14252
2015-16	20000	1089.46*

(*30-6-2015 വരെ)

പദ്ധതി നിർവ്വഹണത്തെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതുകാരണം പദ്ധതി പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

റെയിൽവേ-വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും

21 (*501) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും സമയബന്ധിതമായി പൂർത്തീകരിക്കാത്തത്, സംസ്ഥാനത്ത് റെയിൽ ഗതാഗത മേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റെയിൽവേ യാത്രക്കാരുടെ എണ്ണം ക്രമാതീതമായി അനുദിനം വർദ്ധിച്ചു വരുമ്പോഴും, വർഷങ്ങളായി നിലനിന്ന പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. പാത ഇരട്ടിപ്പിക്കൽ പണികളുടെ നിലവിലെ അവസ്ഥ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ഷൊർണ്ണൂർ-കണ്ണൂർ വൈദ്യുതീകരണ പ്രവൃത്തി പുരോഗമിക്കുന്നു. ഷൊർണ്ണൂർ-കോഴിക്കോട് വരെയുള്ള സെക്ഷൻ ഉടൻ കമ്മീഷൻ ചെയ്യുകയും ബാക്കിയുള്ളത് മാർച്ച് 2016 നോടുകൂടി കമ്മീഷൻ ചെയ്യുകയും ചെയ്യുമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. കണ്ണൂർ-മംഗലാപുരം വൈദ്യുതീകരണ പ്രവൃത്തി 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ പുരോഗമിക്കുന്നു.

(ബി) ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേയ്ക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ്മാറ്റം തുടങ്ങിയ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതെന്ന് വിലയിരുത്തുകയും, ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് ത്വരിതപ്പെടുത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും അതിനായി ആവശ്യമായ തുക ഉടൻ അനുവദിക്കണമെന്നും സംസ്ഥാന സർക്കാർ ഇതിനോടകം തന്നെ പല പ്രാവശ്യം റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പേപ്പർലസ് ഓഫീസുകൾ

22 (*502) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly